ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**

**dtekerala@gmail.com**

**0471 2561307**

**<u>നടപടിക്രമം</u>**

സാങ്കേതിക വിദ്യാഭ്യാസം – ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം -കോവിഡ് **2019** പശ്ചാത്തലത്തിൽ വകുപ്പുതല പരീക്ഷകൾ യഥാസമയം നടക്കാത്തത് ടെസ്റ്റ് യോഗ്യത നേടാനാകാത്ത സീനിയർ ജീവനക്കാരന് സ്ഥാനകയറ്റം നൽകുന്നതിനുള്ള **23.10.2023** ലെ സ.ഉ.(കൈ)നം.**20/2023**/ഉ.ഭ.പ.വ. സർക്കാർ ഉത്തരവിൻറെ അടിസ്ഥാനത്തിൽ സീനിയോറിറ്റി പരിഷ്കരിച്ച് - ഉത്തരവ് – പുറപ്പെടുവിക്കുന്നു

---

**ജീവനക്കാര്യം (ജി ) വിഭാഗം**

**നം. DTETVM/8312/2024-EG3 (EG)** **തിരുവനന്തപുരം, തീയതി: 18-04-2026**

---

വായനഃ-

1. **05.02.2020** ലെ **EG3/47131/19/DTE** നമ്പർ സർക്കുലർ.
2. **23.10.2023** ലെ സ.ഉ.(കൈ)നം.**20/2023**/ഉ.ഭ.പ.വ. സർക്കാർ ഉത്തരവ്.
   **07/05/2025** ലെ ഇതേ നമ്പർ പരിപത്രം.
3. 

**<u>ഉത്തരവ്</u>**

ഗവൺമെന്റ് എൻജിനീയറിങ് കോളേജ് തൃശ്ശൂർ ലെ സീനിയർ ക്ലർക്ക് ശ്രീ മിഥുൻ എൻ, **(PEN 483328)**, സൂചന **(2)** ഉത്തരവിൻറെ അടിസ്ഥാനത്തിൽ ക്ലർക്കിൽ നിന്നും സീനിയർ ക്ലർക്ക് തസ്തികയിലേക്ക് സീനിയോറിറ്റി പുതുക്കി സ്ഥാനക്കയറ്റം നൽകുന്നത് സംബന്ധിച്ച അപേക്ഷ ലഭ്യമാക്കിയതിനെ തുടർന്ന് <u>**2020, 2021** വർഷങ്ങളിലെ ജനുവരി മാസത്തിൽ വകുപ്പുതല പരീക്ഷക്കായി അപേക്ഷിക്കുകയും,</u> എന്നാൽ പരീക്ഷ നടക്കാത്തതിനാൽ, യഥാ സമയം യോഗ്യത നേടാൻ കഴിയാതെ വരികയും, തൊട്ടടുത്ത വകുപ്പ് തല പരീക്ഷ വിജയിക്കുകയും, മറ്റ് തരത്തിൽ യോഗ്യരായിട്ടുള്ള സീനിയർ ജീവനക്കാരുടെ കാര്യത്തിൽ, ജൂനിയർ സീനിയറിനെ മറി കടന്ന് സ്ഥാനക്കയറ്റം നേടിയിട്ടുണ്ടെങ്കിൽ രേഖാമൂലം അപേക്ഷ സമർപ്പിക്കുവാൻ സൂചന **(3)** പ്രകാരം പരിപത്രം നല്കിയിരുന്നു.

സൂചന **(2)** പ്രകാരം കോവിഡ് **2019** പശ്ചാത്തലത്തിൽ വകുപ്പുതല പരീക്ഷ നടക്കാത്ത സാഹചര്യം പരിഗണിച്ചു, <u>**2020, 2021** വർഷങ്ങളിലെ ജനുവരി മാസത്തിൽ വകുപ്പുതല പരീക്ഷക്കായി അപേക്ഷിക്കുകയും,</u> എന്നാൽ പരീക്ഷ നടക്കാത്തതിനാൽ, യഥാ സമയം യോഗ്യത നേടാൻ കഴിയാതെ വരികയും, തൊട്ടടുത്ത വകുപ്പ് തല പരീക്ഷ വിജയിക്കുകയും, മറ്റ് തരത്തിൽ യോഗ്യരായിട്ടുള്ള സീനിയർ ജീവനക്കാരുടെ കാര്യത്തിൽ, ജൂനിയർ സീനിയറിനെ മറി കടന്ന് സ്ഥാനക്കയറ്റം നേടിയിട്ടുണ്ടെങ്കിൽ, കെ.എസ് & എസ്.എസ്. ആർ ഭാഗം രണ്ടിലെ **28 b {iA) 28 (bb)** എന്നീ ചട്ടങ്ങളിൽ ഇളവനുവദിച്ചുകൊണ്ട് ജൂനിയർ ജീവനക്കാർക്ക് സ്ഥാനക്കയറ്റം നല്കിയ തീയതി പ്രാബല്യത്തിൽ തന്നെ സീനിയർ ജീവനക്കാർക്കും സ്ഥാനക്കയറ്റം അനുവദിക്കണം എന്ന് ഉത്തരവായിരുന്നു.

ലഭ്യമായ അപേക്ഷകൾ സൂചനയിലെ സർക്കാർ ഉത്തരവിൻറെ അടിസ്ഥാനത്തിൽ പരിശോധിച്ചു. പരാതിക്കാരനായ ശ്രീ. ഹരി വി എസ് നു തൊട്ട് ജൂനിയർ ആയ ശ്രീമതി. ലൂസി സി മാത്യൂസ് നു 15.08.2020 ൽ ഉണ്ടായ ഒഴിവിലാണു പ്രമോഷൻ ആയതെന്നും പരാതിക്കാരനായ ശ്രീ. മിഥുൻ എൻ നു തൊട്ട് ജൂനിയർ ആയ ശ്രീ. ജിതിൻ കൃഷ്ണ ബി എസ് നു 20.02.2021 ൽ ഉണ്ടായ ഒഴിവിലേക്കാണ് പ്രമോഷൻ ആയതെന്നും ബോധ്യപ്പെട്ടതിനെ തുടർന്നു സൂചന (1) സീനിയോറിറ്റി ലിസ്റ്റിൽ ക്രമ നമ്പർ 21 ആയ ശ്രീ. വിജയൻ ടി എം ൻറെയും ക്രമ നമ്പർ 22 ആയ ശ്രീമതി. ലൂസി സി മാത്യൂസിൻറെ യും ഇടയിൽ ക്രമ നമ്പർ **21എ** ആയി ശ്രീ. ഹരി വി എസ് നെ പുനക്രമീകരിച്ചും ക്രമ നമ്പർ 38 ആയ ശ്രീമതി. മീന രാധാകൃഷ്ണൻറെയും ക്രമ നമ്പർ 39 ആയ ശ്രീ. ജിതിൻ കൃഷ്ണ ബി എസ് ൻറെയും ഇടയിൽ ക്രമ നമ്പർ **38എ** ആയി ശ്രീ. മിഥുൻ എൻ നെ പുനക്രമീകരിച്ചും ഉത്തരവായിരിക്കുന്നു.

മേൽ ഉത്തരവിന് വായന (2)-ലെ നിബന്ധനകൾ ബാധകമായിരിക്കും.

Digitally signed by
Jayaprakash P
Date: 18-04-2026
17:01:53

**Dr JAYAPRAKASH P**

**DIRECTOR**

സ്വീകർത്താവ്,

1. ഈ വകുപ്പിന് കീഴിലുള്ള ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്കും, ജീവനക്കാർക്കും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം).
   ഡി.ടി.ഇ. ഐ.റ്റി. ഡിവിഷൻ (പ്രസിദ്ധീകരണത്തിന്)
2.
3. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി